(ബി) ഇവരുടെ ഓണറേറിയം കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇവരുടെ ഓണറേറിയം 9-7-98-ലെ സ.ഉ(സ)നം.2230/98/തസ്വഭവ പ്രകാരം 1-4-98 മുതൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്പോൾ ലൈബ്രേറിയൻ, നഴ്സറി ടീച്ചർ എന്നിവർക്ക് 700/- രൂപയും ആയക്ക് 460/- രൂപയും പ്രതിമാസം പ്രതിഫലമായി നൽകിവരുന്നുണ്ട്. കൂടാതെ ഈ ജീവനക്കാർക്ക് 5 വർഷത്തിലൊരിക്കൽ 25/- (ഇരുപത്തിയഞ്ച്) രൂപ അധിക ഓണറേറിയം, 10 വർഷം കഴിഞ്ഞാൽ വർഷന്തോറും 5/- രൂപ അധിക ഓണറേറിയമായും നൽകുന്നുണ്ട്.

139 (2295) ഗ്രാമപ്പഞ്ചായത്തുകളിലെ ലൈബ്രേറിയന്മാരുടെ പാർട്ട് ടൈം നിയമനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ സാംസ്കാരികനിലയങ്ങളിൽ താൽക്കാലിക നിയമനം ലഭിച്ച ലൈബ്രേറിയന്മാർ സംസ്ഥാനത്ത് എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ പാർട്ട് ടൈം തസ്തികയിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 418 (നാന്നൂറ്റി പതിനെട്ട്) പേരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഉപചോദ്യം (ബി) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യമുദിക്കുന്നില്ല.

140 (2296) ഹജ്ജ് തീർത്ഥാടനം

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും ഈ വർഷം എത്രപേരെയാണ് ഹജ്ജ് തീർത്ഥാടനത്തിന് തെരഞ്ഞെടുക്കപ്പെട്ടത് എന്നറിയിക്കുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടകരിൽ എത്ര വനിതകളുണ്ട് എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly